പറയാനുണ്ടായിരുന്നതു്? അന്ധകാരത്തെ പഴിക്കുന്നതിനേക്കാൾ പ്രയോജനകരം ഒരു കൈത്തിരിയെങ്കിലും കത്തിച്ചു് കെടാതെ നിറുത്തുകയാണെന്നു് ഒരുപക്ഷേ, അദ്ദേഹം കരുതിയിട്ടുണ്ടാവാം.

1959 ൽ അദ്ദേഹവുമായി പരിചയപ്പെട്ടതിനു ശേഷം, അദ്ദേഹത്തിന്റെ ചിന്തകളും പ്രവർത്തനങ്ങളും കേരളീയർക്ക് പരിചയപ്പെടുത്തുന്നതിനു്, ഒരു എളിയ പത്രപ്രവർത്തകനെന്ന നിലയിൽ എനിക്കു ലഭ്യമായിരുന്ന സൗകര്യങ്ങൾ ഞാൻ തികച്ചും ഉപയോഗപ്പെടുത്തി. ഇതു നിമിത്തം പ്രൊഫസർ കോവൂരുമായുള്ള എന്റെ സമ്പർക്കം തുടർന്നുവന്നു. പത്തു വർഷം കഴിഞ്ഞു് 1969 ജൂലായിൽ കേരളം സന്ദർശിച്ചപ്പോൾ പ്രൊഫസർ കോവൂരും പത്നിയും തിരുവനന്തപുരത്തു് ജവാഹർ നഗറിൽ ഞാൻ പാർത്തിരുന്ന വാടകവീട്ടിൽ അതിഥികളായി വന്നു. അന്നു് കേരള സർവകലാശാലയുടെ വൈസ് ചാൻസലറായിരുന്ന ഡോ. അയ്യപ്പൻ, ഔദ്യോഗിക ഭാഷാ കമ്മീഷൻ ചെയർമാനും കേരളത്തിലെ യുക്തിവാദിസംഘാദ്ധ്യക്ഷനുമായിരുന്ന ശ്രീ എം. പ്രഭ, ശ്രീ പവനൻ എന്നിവർക്കും കോവൂർ ദമ്പതികൾക്കും ഉച്ചഭക്ഷണം നല്കുന്നതിനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായി.

കോവൂരിന്റെ എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കുക മാത്രമല്ല, അദ്ദേഹത്തിന്റെ ജീവിതത്തിൽ സ്വന്തം ജീവിതം വിലയിപ്പിക്കുകകൂടി ചെയ്ത ശ്രീമതി കഞ്ഞമ്മ കോവൂർ, രണ്ടു വർഷം മുമ്പു നിര്യാതയായി. ഇപ്പോഴിതാ പ്രൊഫസർ കോവൂരും ഐഹികജീവിതം അവസാനിപ്പിച്ചിരിക്കുന്നു.

'മനുഷ്യൻ മരിക്കുമ്പോൾ അവന്റെ പ്രാണവായു അനശ്വരമായ പ്രപഞ്ചവായുവിൽ വിലയിക്കുന്നു. പിന്നീടു ശരീരം ഭസ്മമായിത്തീരുന്നു. ചിന്തിക്കുന്നവരേ, മരിച്ചുപോയ വ്യക്തി ചെയ്ത കാര്യങ്ങളെപ്പററി മാത്രം മേലാൽ ഓർമിക്കുക.' എന്ന അർത്ഥത്തിലുള്ള ഉപനിഷദ്പദ്യമാണു് അദ്ദേഹത്തിന്റെ മരണവാർത്ത പത്രത്തിൽ വായിച്ചപ്പോൾ എന്റെ ഓർമയിൽ നിറഞ്ഞുനിന്നതു്.

21 സെപ്റ്റംബർ, 1978

# 78. പി. കുഞ്ഞിരാമൻനായർ

'നമ്മുടെ കുഞ്ഞിരാമൻനായർ മരിച്ചിരിക്കുന്നു' എന്നു് ഈ മെയ്മാസം 26-ാം തീയതി രാത്രി ഏതാണ്ടു മൂന്നുമണിക്കു് ഉറക്കത്തിൽനിന്നു വിളിച്ചുണർത്തി ടെലിഫോണിലൂടെ ശ്രീ പി. ആർ. വാരിയർ ('മാതൃഭൂമി'യുടെ തിരുവനന്തപുരം ലേഖകൻ) അറിയിച്ചപ്പോൾ, ഒരുപക്ഷേ, ഞാൻ സ്വപ്നം കാണുകയാവാമെന്ന വിചാരമാണു് പെട്ടെന്നു് എനിക്കുണ്ടായതു്. കുഞ്ഞിരാമൻനായർ മരിക്കുകയോ? ജുബ്ബയുടെ മീതെ മുണ്ടു മടക്കിക്കുത്തി, പല്ലില്ലാത്ത വായിൽ എന്തോ ചവച്ചുകൊണ്ടു് ജനനിബിഡമായ തിരുവനന്തപുരത്തെ പുളിമൂട്ട് ജംഗ്ഷനിൽ തലയുയർത്തി ചുററും നോക്കി നില്ക്കുന്ന കുഞ്ഞിരാമൻനായരെ തലേന്നു വൈകുന്നേരം ഞാൻ കണ്ടതാണല്ലോ!

അവസാനത്തെ കാഴ്ച അതായിരുന്നു, ആദ്യത്തെ കാഴ്ചയോ? മുപ്പത്തഞ്ചോ മുപ്പത്താറോ കൊല്ലം മുമ്പായിരിക്കണം. കോഴിക്കോട്ടുവെച്ചാണു് ഞാനദ്ദേഹത്തെ ഒന്നാമതായി കണ്ടതു്. തന്റെ ഒരു കവിതാസമാഹാരത്തിന്റെ—'പ്രേമ പൗർണമി'യുടെയോ മറേറാ ആയിരിക്കണം—ഏതാനും പ്രതികൾ പൊതിഞ്ഞു കക്ഷത്തിൽവെച്ചു് അദ്ദേഹം നടന്നുവരുന്നു.

വലിയ ഒരു ഖദർ ഷാൾ പുതച്ചിട്ടുണ്ട്. തലമുടി അക്കാലത്തു സാധാരണ പതിവുള്ളതിൽ കവിഞ്ഞു നീട്ടിയിരിക്കുന്നു. കവിതകളിലൂടെ പരിചിതനായിരുന്ന അദ്ദേഹത്തിന്റെ ഭൗതികരൂപം അന്ന് എന്നിലുളവാക്കിയതു് ആദരത്തോടൊപ്പം, നിഗൂഢതയുടേതായ ഒരു അവബോധമായിരുന്നു എന്ന് ഇപ്പോൾ ഓർക്കുന്നു.

വർഷങ്ങൾക്കു ശേഷം, പുളിമൂട്ടിൽവെച്ച് അവസാനത്തെ തവണ കാണുമ്പോഴും ഈ നിഗൂഢതയുടെ ബോധം എന്നിൽ ഉദ്ദീപ്തമായെന്ന് പറയേണ്ടിയിരിക്കുന്നു. എത്രയോ തവണ, ഏതെല്ലാം നിലയിൽ ഞാൻ അദ്ദേഹത്തെ കണ്ടിട്ടുള്ളതാണ്! എന്നിട്ടും അദ്ദേഹത്തെപ്പററി എത്ര കുറച്ചു മാത്രമാണ് ഞാൻ യഥാർത്ഥത്തിൽ അറിയുന്നതു്! കുഞ്ഞിരാമൻനായരോടൊപ്പം എണ്ണമററ പ്രസംഗവേദികളിലും കവിതാപാരായണങ്ങളിലും ഞാൻ സന്നിഹിതനായിട്ടുണ്ട്. വളരെയധികം മണിക്കൂറുകൾ ഞങ്ങൾ ഒരുമിച്ചു സംസാരിച്ചും സംസാരം കേട്ടും കഴിച്ചുകൂട്ടിയിട്ടുണ്ട്. എന്റെ വീട്ടിൽ—വീടുകളിൽ എന്നുതന്നെ പറയട്ടെ—പലകുറി അദ്ദേഹം വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ തറവാട്ടിലും പാർപ്പിടങ്ങളിലും ഞാനും പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ അമ്മയേയും അനുജനേയും കണ്ടു പരിചയപ്പെട്ടിട്ടുമുണ്ട്.

കുഞ്ഞിരാമൻനായരുടെ പല സുഹൃത്തുക്കളും എന്റെയും സുഹൃത്തുക്കളാണ്. എനിക്കു ബന്ധമുണ്ടായിരുന്ന സ്ഥാപനങ്ങളുടെ സമ്മേളനത്തിലേക്ക് എത്രയോ പ്രാവശ്യം ക്ഷണിച്ചപ്പോഴും, പത്രങ്ങളിലേക്കും പ്രസിദ്ധീകരണങ്ങളിലേക്കും എത്രയോ തവണ കവിതകൾ ആവശ്യപ്പെട്ടപ്പോഴും, ഒരിക്കൽപ്പോലും അദ്ദേഹം എന്നെ നിരാശപ്പെടുത്തിയിട്ടില്ല.

വ്യക്തികളായ മനുഷ്യരെ സ്നേഹിക്കാൻ കുഞ്ഞിരാമൻനായർക്കു കഴിവുണ്ടായിരുന്നുവോ? ഉണ്ടായിരുന്നെങ്കിൽ എന്നോടു് അദ്ദേഹത്തിനു് പ്രത്യേകമായ ഒരു മമതയുണ്ടായിരുന്നു എന്നു ഞാൻ ഊഹിക്കുന്നു. മററു പലരോടും ചെയ്തിട്ടുള്ളതുപോലെ ഞങ്ങളുടെ ദീർഘമായ സൗഹൃദകാലത്തിൽ ഒരിക്കലെങ്കിലും അദ്ദേഹം എന്നോടു ക്ഷോഭ്യപ്പെട്ടിട്ടില്ല. തുണ്ടു കടലാസ്സുകളിൽ പെൻസിൽകൊണ്ട് അസ്പഷ്ടമായി എഴുതിയ അദ്ദേഹത്തിന്റെ കവിതകളിൽ വിട്ടുപോയ അക്ഷരങ്ങളും വാക്കുകളും, വരികൾപോലും, പലതവണ ഞാൻ എഴുതിച്ചേർത്തിട്ടുണ്ട്. അവയിൽ പലതും അദ്ദേഹം ഉദ്ദേശിച്ചിരുന്നവതന്നെയായിരുന്നുവോ എന്നു നിശ്ചയമില്ല. പക്ഷേ, അതിനെപ്പററിയൊന്നും അദ്ദേഹം ഒരു പരാതിയും ഉന്നയിച്ചിട്ടില്ല. സുഹൃത്സമ്മേളനങ്ങളിൽവെച്ച്, കുഞ്ഞിരാമൻനായരെ ചൊടിപ്പിക്കാൻ, പരിധി വിട്ടും പലതും ഞാൻ സംസാരിച്ചിരിക്കാം. പക്ഷേ, അദ്ദേഹം എന്നോടു ചൊടിച്ചിട്ടില്ല. ആദ്യമാദ്യം എന്നെ കാണുമ്പോഴെല്ലാം, കാണുന്നതു് ആഫീസ്സിൽവെച്ചായാലും തെരുവിൽവെച്ചായാലും, എന്റെ കൈ പിടിച്ച് അതിൽ ഏതാനും നാരങ്ങ മിഠായികളോ ഉണങ്ങിയ മുന്തിരിങ്ങയോ, കല്ലുണ്ണുണ്ടകളോ വെച്ചുതരുമായിരുന്നു. ഞാൻ തിരുവനന്തപുരത്തേക്കു താമസം മാററിയ ശേഷമേ ഈ പതിവ് അദ്ദേഹം കൈവെടിഞ്ഞുള്ളൂ. എന്റെ വീട്ടിൽ വന്ന മിക്ക അവസരങ്ങളിലും മധുരനാരങ്ങയോ ആപ്പിളോ മററു പഴങ്ങളോ അദ്ദേഹം പൊതിഞ്ഞുകൊണ്ടുവന്നിട്ടുണ്ട്. കുട്ടികളെ വിളിച്ച് അതു് ഏല്പിച്ച ശേഷമേ അദ്ദേഹം സംസാരം തുടങ്ങുകയുള്ളു. 'അമ്മ തന്നയച്ചതാണ്'' എന്നു പറഞ്ഞു് ശർക്കര ഉപ്പേരിയുടെ ഒരു വലിയ പൊതി അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തിയോടടുത്ത ഒരു ദിവസം, കോഴിക്കോട്ടുള്ള എന്റെ വീട്ടിൽ കൊണ്ടുവന്നു തന്നതു് ഞാനിപ്പോഴും ഓർക്കുന്നു. തികഞ്ഞ തൻേറടമുള്ള ആ അമ്മയോടു തോന്നിയിരുന്ന ആദരം, ആ ശർക്കരയുപ്പേരിക്ക് അഭൗതീയമായ ഒരു രുചി എന്നെ സംബന്ധിച്ചിടത്തോളം ഉളവാക്കിയിരുന്നു എന്ന്, എന്നോടൊപ്പം അതു പങ്കിട്ട അയൽക്കാർ അറിഞ്ഞിരിക്കയില്ല.

ഇങ്ങനെയൊക്കെയായിട്ടും, ഒരു ദിവസമെങ്കിലും അദ്ദേഹം അതിഥിയായി എന്റെ വീട്ടിൽ താമസിക്കുകയുണ്ടായിട്ടില്ല. കഴിയും വേഗം തന്റെ മാളത്തിലേക്ക്—അതൊരു ഹോട്ടൽ മുറിയാവാം, സത്രമാവാം, ലോഡ്ജാവാം, താഴ്ന്ന നിലയിലുള്ള ഏതെങ്കിലും മറ്റു പാർപ്പിടമാവാം—മടങ്ങാനുള്ള ത്വരയാണ് എപ്പോഴും അദ്ദേഹത്തിൽ ഞാൻ കണ്ടിട്ടുള്ളത്. തന്റെ ഏകാന്തനിഗൂഢതയിലേക്ക് അദ്ദേഹം എന്നെ പ്രവേശിപ്പിച്ചില്ല. മററ് ആരെയെങ്കിലും പ്രവേശിപ്പിച്ചിട്ടുണ്ടോ എന്നും അറിഞ്ഞുകൂടാ. അദ്ദേഹം എഴുതിയതു് ഏറെക്കുറെ മുഴുവനും ഞാൻ വായിച്ചിട്ടുണ്ട്. ഗർജ്ജേയമോ, നിഗൂഢമോ ആയ എന്തെങ്കിലുമൊന്ന് അദ്ദേഹത്തിന്റെ കൃതികളിലുള്ളതായി എനിക്കു തോന്നിയിട്ടില്ല. എങ്കിലും, അദ്ദേഹത്തിന്റെ വ്യക്തിത്വം എനിക്കു പിടികിട്ടാത്ത ഒന്നായി എന്നും അവശേഷിച്ചിട്ടേ ഉള്ളൂ. അദ്ദേഹത്തിനു യഥാർത്ഥത്തിൽ സുഹൃത്തുക്കളുണ്ടോ? സ്ഥിരമായ ജീവിതബന്ധങ്ങളുണ്ടോ? ആസ്ഥകളുണ്ടോ? ആഗ്രഹങ്ങളുണ്ടോ? ആത്മകഥാരൂപത്തിൽ അദ്ദേഹം എഴുതിയ ലേഖനപരമ്പരകൾ വായിച്ച ശേഷവും, ഈ പ്രശ്നങ്ങളെല്ലാം എന്നിൽ അങ്ങനെ തന്നെ അവശേഷിച്ചിട്ടേ ഉള്ളൂ.

രാത്രിയും പകലുമെന്ന രണ്ടു വിരുദ്ധ ഘടകങ്ങൾ ദിവസത്തിൽ സമന്വയിച്ചിരിക്കുന്നതുപോലെ കുഞ്ഞിരാമൻനായരിലും അത്യന്തം വ്യത്യസ്ത സ്വഭാവങ്ങളായ രണ്ടു വ്യക്തിത്വങ്ങൾ സമ്മേളിച്ചിരുന്നതായി എനിക്കു തോന്നിയിട്ടുണ്ട്. ഭൗതികമെന്നും അധ്യാത്മികമെന്നും പേരിട്ടു വിളിക്കാവുന്ന വിരുദ്ധ ഘടകങ്ങൾ നമ്മൾ എല്ലാവരിലുമുണ്ട്; ഇവ പക്ഷേ, പരസ്പരം ഒരളവോളം അന്തരഞ്ജനം പുലർത്തി നിലകൊള്ളുന്നു. കുഞ്ഞിരാമൻനായരിൽ ഈ ഘടകങ്ങൾ എന്നും പരസ്പരം ശണ്ഠകൂടി, അകന്നു കഴിയുകയായിരുന്നുവോ? കവിതയുടെ തലത്തിൽ മാത്രമാണോ അദ്ദേഹത്തിലെ ഈ ഘടകങ്ങൾ തമ്മിൽത്തമ്മിൽ സംസാരിച്ചിരുന്നതു്?

കുഞ്ഞിരാമൻനായരുടെ വ്യക്തിത്വത്തിന്റെ സവിശേഷത ഈ ആന്തര കലഹമാവാമെന്ന് എനിക്കു പെട്ടെന്നു് അനുഭവപ്പെട്ടതു് ഒററപ്പാലത്തു നടന്ന സാഹിത്യ പരിഷത്ത് സമ്മേളനത്തിൽ 'കളിയച്ഛൻ' എന്ന കവിത അദ്ദേഹം വായിക്കുന്നതു കേട്ടപ്പോഴാണ്. 'കേട്ടപ്പോഴാണ്' എന്നാണോ ഞാൻ എഴുതിപ്പോയതു്? അതു തിരുത്തി, 'കണ്ടപ്പോഴാണ്' എന്ന് ആക്കേണ്ടിയിരിക്കുന്നു. സാധാരണ രൂപത്തിലുള്ള ഒരു കവിതാപാരായണമായിരുന്നില്ല അതു്; മറിച്ച് അത്ഭുതാവഹമായ ഒരു രംഗപ്രകടനമായിരുന്നു. കവിത വായിച്ചു തീരുമ്പോഴേക്ക് അദ്ദേഹത്തിന്റെ മുഖം കണ്ണുനീരിൽ കുതിർന്നുകഴിഞ്ഞിരുന്നു; തൊണ്ട ഇടറിയിരുന്നു; ശരീരം വിറകൊണ്ടിരുന്നു. ആത്മാവിന്റെ ഒരു അനാവരണമായിരുന്നു തന്റെ ആചാര്യനായ വള്ളത്തോളിന്റെ മുമ്പിൽ അന്ന് അവിടെ കുഞ്ഞിരാമൻ നായർ നടത്തിയതു്.

ഒരു പന്തീരാണ്ടു മുമ്പ്, 1966-ൽ, ഞാൻ എഴുതിയതു് ഉദ്ധരിക്കട്ടെ:

'കേരളത്തിലെ കർഷകരുടെ കവി എന്ന് ശ്രീ കുഞ്ഞിരാമൻനായരെ പലരും വിവരിച്ചിട്ടുണ്ട്. ഇവിടത്തെ എണ്ണമററ പുരാതന ക്ഷേത്രങ്ങളിൽ ഇന്നും നടമാടുന്ന ദേവതമാരുടെ താളാനുസൃതമായ കാൽവെപ്പൊച്ച അദ്ദേഹത്തിന്റെ കൃതികളിലൂടെ ചെവിക്കൊള്ളുന്നവരുമുണ്ട്. കുഞ്ഞിരാമൻ നായരുടെ കവിതയിൽനിന്നുയരുന്ന തുളസിപ്പൂവിന്റെ സുഗന്ധമാണ് മററു ചിലരെ കോരിത്തരിപ്പിച്ചിട്ടുള്ളതു്. ഇനിയും ചിലരെ സംബന്ധിച്ചിടത്തോളം, ഭാരതപ്പുഴയുടെ വെൺമണൽത്തരികളും വള്ളുവനാടിലെ പുള്ളുവപ്പെൺകൊടികൾ പാടുന്ന സർപ്പപ്പാട്ടുകളുടെ മായികങ്ങളായ ഈണങ്ങളുമാണ് അദ്ദേഹത്തിന്റെ കവിതയുടെ സവിശേഷത. ഇംഗ്ലീഷിനോടുള്ള അമർഷം, സംസ്കൃതത്തോടുള്ള സമാദരം, പഞ്ചവത്സര പദ്ധതിക

ളിൽ അവിശ്വാസം, ഗാന്ധിദർശനത്തിൽ ഭക്തി അങ്ങനെ പലതും അദ്ദേഹത്തിന്റെ പ്രത്യേകതകളായി പരിഗണിക്കുന്നവരുമുണ്ടാകാം. ഇതൊക്കെ ശരിയുമാണ്.

'പക്ഷേ, ഇവയെല്ലാം ഉപരിയായി വർത്തിക്കുന്നതും, ഇവയുടെ എല്ലാററിന്റേയും അന്തർധാരയായി ഒഴുകി, ശ്രീ കുഞ്ഞിരാമൻനായരുടെ കവിവ്യക്തിത്വത്തിനു ഐക്യവും അഖണ്ഡതയും നല്കുന്നതുമായ ഒരു വികാരം, ഒരു സ്ഥായിഭാവം ഉണ്ട്. തീവ്രവും ഏകമുഖവും മധുരവുമായൊരു വിഷാദമത്രേ അതു്. പല രാഗങ്ങളും ഉണർന്നു ചിറകടിച്ചു പറന്നു വിശ്രമം കൊള്ളുകയും, പല താളമേളങ്ങളും പടർന്നു പന്തലിച്ചു സ്വയം വിലയിക്കുകയും ചെയ്യുന്ന കവിതയുടെ ഗംഭീരമായ സംഗീതസദസ്സിൽ, കവിയുടെ ഭഗ്നാശമായ ആത്മാവിന്റെ തംബുരുവിൽനിന്നു പുറപ്പെടുന്ന ഈ വിഷാദശ്രുതി ആദ്യന്തം ഒരേ രൂപത്തിൽ വ്യാപിച്ചു നില്ക്കുന്നതായി നമുക്ക് അനുഭവപ്പെടുന്നു.

'എന്തിനെച്ചൊല്ലിയാണ് കവിയുടെ ഈ അഗാധവിഷാദം? ഇതു വ്യക്തമായി നിർവചിക്കുക അസാദ്ധ്യമാണ്. കവിക്കു് അതു സ്വയം നിർവചിക്കാൻ കഴിയുന്നതെന്നോ, അന്നു കവിതയുടെ ഉറവ വററിപ്പോകുന്നു. ഒന്നു മാത്രം പറയാം. ആ വിഷാദത്തിനു പല മുഖങ്ങളുണ്ട്. മറെറാരു വിധത്തിൽ പറഞ്ഞാൽ, സ്വയം സാക്ഷാത്കൃതമാകുന്നതിനുവേണ്ടി അതു പല പല രൂപങ്ങളും മാറി മാറി കൈക്കൊള്ളുന്നു. ഈ രൂപങ്ങളൊന്നും പാര്യന്തികങ്ങളോ തൃപ്തികരങ്ങളോ അല്ല. എങ്കിലും ഘടാകാശത്തിൽ മഹാകാശംപോലെ, ഗോഷ്പദത്തിലെ കലുഷജലത്തിൽ ഭാസുരമായ ആദിത്യമണ്ഡലംപോലെ, ഈ രൂപങ്ങളിലെല്ലാം നിലകൊള്ളുന്നതു് ആ സ്ഥായീഭാവംതന്നെയാണതാനും. ഒരു കണക്കിൽ, 'നരജീവിതമായ യാതന'യുടെ അടിസ്ഥാനമായി വർത്തിക്കുന്ന ശാശ്വത വിഷാദംതന്നെയാണ് ശ്രീ കുഞ്ഞിരാമൻനായരുടെ വിഷാദമെന്നു കണക്കാക്കാം.

'ഈ വിഷാദത്തിന്റെ ഒരു മുഖം തികച്ചും വ്യക്തിഗതമാണ്. അഗാധമായ ഒരു പശ്ചാത്താപം, അരുതാത്തതു താൻ ചെയ്തുപോയി എന്ന ബോധം, ഇടക്കാലത്തു് ഈ കവിയെ ഒരു ബാധപോലെ ആവേശിച്ചിരുന്നു. 'കളിയച്ഛൻ' എന്ന പ്രസിദ്ധമായ കവിതയിൽ ഈ ബോധത്തിന്റെ ഏററവും തീവ്രമായ രൂപം ദൃശ്യമാണ്: .

'ഭാഗത്തിലോഹരി കിട്ടി,യവിടന്നു
തീരുവി,ററിക്കളിവട്ടത്തിലെത്തവേ
ഒട്ടു രസിക്കുവാൻ ഭീരുവിൻ വേഷങ്ങൾ
കെട്ടി, ക്രമാലൊരു ഭീരുവായ് വന്നു ഞാൻ
ചുമ്മാ പല പല വേഷങ്ങൾ കെട്ടിയി–
ന്നാത്മസ്വരൂപത്തെയോരാതെയായി ഞാൻ
ബോധമില്ലാതെ കിടക്കുമവസ്ഥയ്ക്കു
മീതെയായ് ഘോരവിപത്തെന്തു ഭൂമിയിൽ?
വേദനാപൂർണമാണിക്കഥ, രാവണ–
വേഷവും ഞാനുമൊന്നായിച്ചമഞ്ഞുപോയ്!
മുററുമീ ദുർലഭ ജീവിതമങ്ങിങ്ങു
ചുററിയലഞ്ഞു വലഞ്ഞു കഴിഞ്ഞുപോയ്!'

'ഗുരുത്വക്കേടു നിമിത്തം തനിക്കു സംഭവിച്ചുപോയ ഈ അധഃപതനത്തെ അദ്ദേഹം പല കൃതികളിൽ, പല പല രൂപങ്ങളും ഉപമകളുമുപയോഗിച്ചു വിവരിച്ചിട്ടുണ്ട്. എങ്കിലും അതിൽനിന്നു മോചനം, ഉത്ഥാനം, ആത്മീയമായൊരു പുനർജന്മം സാദ്ധ്യമാണെന്ന വിശ്വാസം, ഭാഗ്യവ

ശാൽ അദ്ദേഹത്തിൽ രൂഢമൂലമാവാൻ ഏറെ താമസമുണ്ടായില്ല. ഈ ഉത്ഥാനത്തിനുള്ള മാർഗമായി അദ്ദേഹം കണ്ടതോ, തികഞ്ഞ ആത്മസമർപ്പണത്തെയാണുതാനും. കുഞ്ഞിരാമൻനായർ 'ഭക്തകവി'യായതു് ഈ ഘട്ടത്തിലത്രേ. പക്ഷേ, അദ്ദേഹത്തിന്റെ ഭക്തി, ഏതെങ്കിലും ഭൗതികലക്ഷ്യം നേടാനുള്ള ക്ഷേത്രോപാസനയായിരുന്നിട്ടില്ല, ഒരിക്കലും. ഗുരുവായൂരപ്പനോടു് ഈ കവി പ്രാർത്ഥിച്ച ആയുരാരോഗ്യ സൗഖ്യം ശരീരത്തിന്റേതല്ല, ആത്മാവിന്റേതാണു്— തന്റെയും തന്റെ രാഷ്ട്രത്തിന്റെയും.

പതനം, പശ്ചാത്താപം, പുനർജന്മം—തന്റെ ഈ വൈയക്തികാനുഭൂതിയിൽ തന്റെ രാഷ്ട്രത്തിന്റെ സാമൂഹികാനുഭൂതി പിണ്ഡാണ്ഡത്തിൽ ബ്രഹ്മാണ്ഡംപോലെ പ്രതിനിധാനം ചെയ്യപ്പെട്ടതായി കുഞ്ഞിരാമൻനായർക്കു് അനുഭവപ്പെട്ടു. നമ്മുടെ രാഷ്ട്രത്തിന്റെ ചരിത്രം എന്താണു്! ഉജ്ജ്വലമായ ഒരു പ്രാചീന കാലം, അന്ധകാരമേദുരമായ ഒരു വർത്തമാന കാലം, ഉജ്ജ്വലതരമായേക്കാവുന്ന ഒരു ഭാവികാലം, താൻ സങ്കല്പത്തിൽ കണ്ട തന്റെ ജന്മഭൂമിയുടെ പ്രാചീനകാലത്തെയാണു് 'ഓണ'മെന്ന പേരിൽ എത്രയോ കവിതകളിൽ ഈ കവി പ്രകീർത്തിച്ചിട്ടുള്ളതു്. ഇതു തന്നെയാണു് അദ്ദേഹം തന്റെ രാഷ്ട്രത്തിനു് ആശംസിക്കുന്ന ഭാവികാലവും. ഭൗതികമായ വിഭവസമൃദ്ധിയോടും വീര്യത്തഴപ്പോടുമൊപ്പം കലകളുടേയും തത്ത്വചിന്തയുടേയും വേലിയേറ്റവും ആധ്യാത്മിക സംസ്കാരത്തിന്റെ പുനരുജ്ജീവനവും കൂടിയായാൽ കവിയുടെ ഈ ഓണക്കാലമായി.'

അദ്വിതീയമായ തന്റെ കവിപ്രതിഭയെപ്പറ്റി കുഞ്ഞിരാമൻനായർക്കു് ന്യായമായ അഭിമാനമുണ്ടായിരുന്നു. ഏതാനും മാസങ്ങൾ മുമ്പു് ദൽഹി മലയാളികളുടെ ഒരു സമ്മേളനത്തിൽ അദ്ദേഹം ചെയ്ത ഒരു പ്രസംഗം ഈ അഭിമാനബോധത്തിന്റെ വിളംബരമാണു്. ശ്രീ ഓംചേരിയാണു് ഈ പ്രസംഗത്തെപ്പറ്റി എന്നോടു പറഞ്ഞതു്. കേരളത്തിൽനിന്നുള്ള രണ്ടു സാഹിത്യകാരന്മാർക്കു് ദൽഹി മലയാളികൾ നൽകിയ സ്വീകരണമായിരുന്നു രംഗം. താൻ മലയാളത്തിലാണു് എഴുതുന്നതെങ്കിലും ഒരു അന്താരാഷ്ട്രീയ സാഹിത്യകാരനായാണു് അറിയപ്പെടുന്നതു് എന്നു പ്രസ്താവിച്ചുകൊണ്ടാണു് ഇവരിൽ ആദ്യത്തെ സാഹിത്യകാരൻ പ്രസംഗം തുടങ്ങിയതു്. ഇംഗ്ലീഷ്, റഷ്യൻ, ഫ്രഞ്ച്, ബൾഗേറിയൻ മുതലായ പല ഭാഷകളിലും തന്റെ കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്. ഇതുമൂലം ലോകത്തിന്റെ ഏതു മൂലയിൽച്ചെന്നാലും താൻ അറിയപ്പെടുന്നു; ആരാധിക്കപ്പെടുന്നു. തീവണ്ടിയിൽ മൂന്നാംക്ലാസ്സ് ടിക്കറ്റെടുത്തു താൻ സഞ്ചരിച്ചാലും, വണ്ടിയിലെ ജോലിക്കാരും കാന്റീൻകാറിലെ പരിചാരകരും എല്ലാം തന്നെ അറിഞ്ഞു് ആദരിക്കുന്നതു നിമിത്തം ഒന്നാംക്ലാസ്സ് യാത്രക്കാരുടെ സുഖസൗകര്യങ്ങൾ തനിക്കും കിട്ടുന്നു.

ഈ പ്രസംഗത്തിനു ശേഷമായിരുന്നു കുഞ്ഞിരാമൻനായരുടെ പ്രസംഗം. മൂന്നാംക്ലാസ് ടിക്കറ്റെടുത്തു് ഒന്നാംക്ലാസ്സ് സൗകര്യങ്ങൾ അനുഭവിക്കുന്ന തന്റെ സുഹൃത്തിനെ അഭിനന്ദിച്ച ശേഷം കുഞ്ഞിരാമൻനായർ പറഞ്ഞു: 'എന്റെ സ്ഥിതി നേരെ മറിച്ചാണു്. ഒന്നാംക്ലാസ്സ് എയർകണ്ടീഷൻഡ് യാത്രയ്ക്കു് അർഹത നൽകുന്ന ഒരു ടിക്കറ്റാണു് എന്റെ കൈവശമുള്ളതു്. പക്ഷേ, എനിക്കു കിട്ടുന്നതോ, മൂന്നാംക്ലാസ്സിലും താഴെ ഏതെങ്കിലും ക്ലാസുണ്ടെങ്കിൽ അതിലെ സൗകര്യങ്ങൾ—സൗകര്യങ്ങളെവിടെ! പ്രയാസങ്ങൾ—മാത്രവും!'

കുഞ്ഞിരാമൻനായരുടെ ഈ പ്രസ്താവനയെ ഉദാഹരിക്കുന്ന തരത്തിലായിരുന്നു അദ്ദേഹത്തിന്റെ മരണം. മലയാളികളുടെ ഈ പ്രിയപ്പെട്ട കവി സത്രത്തിലെ ഒരു മുറിയിൽ, രാത്രി പന്ത്രണ്ടുമണിക്കു്, ഹൃദ്രോഗബാധിതനായി. കരച്ചിൽ കേട്ടു് ഓടിയെത്തിയവർ, മലമൂത്രങ്ങളിൽ കിടന്നു് അദ്ദേഹം വേദനകൊണ്ടു പുളയുന്നതാണു കണ്ടതു്. ഉടനെ ടാക്സി വിളി

ച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് അവർ അദ്ദേഹത്തെ കൊണ്ടുപോയെങ്കിലും, ആസ്പത്രിയിലെത്തും മുമ്പ് അദ്ദേഹം നിശ്ശബ്ദനായി. കാഷ്വാലിററി വാർഡിലെ മേശപ്പുറത്ത് ആ മൃതശരീരം, ഉററവരോ ഉടയവരോ അടുത്തില്ലാതെ ഒട്ടുനേരം കിടന്നു. വിവരമറിഞ്ഞ് അദ്ദേഹത്തിൻെറ സുഹൃത്തുക്കൾ എത്തുമ്പോഴേക്ക്, അടുത്തൊരു മുറിയിലേക്ക് അതു നീക്കപ്പെട്ടിരുന്നു. മരണാനന്തര പരിശോധനകൾക്കു ശേഷം, അദ്ദേഹം അത്രയും സ്നേഹിച്ചിരുന്ന ഭാരതപ്പുഴയുടെ തീരത്തേക്ക് ഈ കവിയുടെ ഭൗതികാവശിഷ്ടങ്ങൾ കൊണ്ടുപോകുന്ന അവസരത്തിലും, ഏതാനും സാഹിത്യസുഹൃത്തുക്കളല്ലാതെ രക്തബന്ധമുള്ളവർ ആരും അതിനെ അനുഗമിച്ചിരുന്നില്ല. സാധാരണക്കാരിൽ സാധാരണക്കാരനായ ഒരു കേരളീയൻെറതു പോലെയുള്ള അദ്ദേഹത്തിൻെറ മരണത്തെപ്പററി ടെലഫോണിലൂടെ ആദ്യമായി കേട്ടപ്പോൾ എനിക്ക് അഗാധമായ വ്യസനം തോന്നി. പക്ഷേ, പിന്നീട് ഞാൻ ആലോചിച്ചു: തൻെറ മരണത്തിലൂടെ സ്വന്തം വ്യക്തിത്വത്തിന് മകുടം ചാർത്തുകയല്ലേ കുഞ്ഞിരാമൻനായർ ചെയ്തത്. ഓടിക്കൊണ്ടിരിക്കുന്ന ഒരു ടാക്സിയിൽനിന്ന് മററാരുമറിയാതെ ഇറങ്ങിപ്പോവുകയല്ലേ, ജീവിതകാലമത്രയും ഏകാകിയും തനിക്കുതന്നെ അപരിചിതനുമായിരുന്ന ഈ മഹാപഥികനെ സംബന്ധിച്ചിടത്തോളം ഏററവും സ്വാഭാവികം? രോഗബാധിതനായി, കട്ടിലിൽ കിടന്ന്, സ്വകുടുംബാംഗങ്ങളുടെ ശുശ്രൂഷകളേററ്, ബന്ധുമിത്രാദികളുടെ കണ്ണുനീർ കണ്ടുകൊണ്ട് മെല്ലെ മെല്ലെ ഇഹലോകവാസം വെടിയുന്ന കുഞ്ഞിരാമൻനായരുടെ സങ്കല്പചിത്രം—വലിയൊരു പൊരുത്തക്കേട് അതിലില്ലേ! ഇതുവരെയുള്ള അദ്ദേഹത്തിൻെറ ജീവിതത്തിൻെറ നിഷേധം—തികഞ്ഞ ഒരു പതൽപ്രകർഷം (ആൻറി ക്ലൈമാക്സ്) ആകുമായിരുന്നില്ലേ അത്?

29 മെയ്, 1978

# 79. വി. എം. നായർ

കേരളത്തിൽ പ്രശസ്തരായ എത്രയോ പത്രാധിപന്മാരുണ്ടായിട്ടുണ്ട്. അവരിൽ പലർക്കും പത്രപ്രവർത്തനമെന്നാൽ ഭാഷാസേവനമായിരുന്നു. ചിലർക്ക് അതു രാഷ്ട്രീയ പ്രവർത്തനവും സ്വാതന്ത്ര്യസമരവുമൊക്കെയായിരുന്നു. ജനസേവനമാണ് പത്രപ്രവർത്തനമെന്നു കരുതിയവരും കുറവല്ല.

വി. എം. നായർ ഭാഷാഭിമാനിയായിരുന്നു. മറുനാട്ടിൽ നെടുനാൾ താമസിച്ചിട്ടും അവിടത്തെ വ്യവസായജീവിതത്തിൽ ആഴ്ന്നുമുങ്ങിയിട്ടും ധാരാളം പണം സമ്പാദിച്ചിട്ടും അദ്ദേഹം മാതൃഭാഷയെ മറന്നില്ല. മലയാളസാഹിത്യത്തിൻെറ ചരിത്രത്തിൽ നിത്യസ്മരണീയങ്ങളാണ് അദ്ദേഹത്തിൻെറ പത്നിയായ ബാലാമണിയമ്മയുടെയും മകൾ കമലയുടെയും പേരുകൾ. ഇംഗ്ലീഷിലെന്നപോലെ മലയാളത്തിലും ശക്തിയോടെയും ആർജവം വിടാതെയും എഴുതാൻ വി. എം. നായർക്കു കഴിഞ്ഞിരുന്നു. എങ്കിലും പത്രപ്രവർത്തനം അദ്ദേഹത്തിനു മുഖ്യമായും ഭാഷാസേവനമായിരുന്നില്ല.

സ്വാതന്ത്ര്യസമരത്തിൽ നേരിട്ടു പങ്കെടുത്തില്ലെങ്കിലും വി. എം. നായർ തീവ്ര ദേശീയവാദിയായിരുന്നു അതാതു കാലത്തെ പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങളിൽ സക്രിയമായ താല്പര്യം അദ്ദേഹം പുലർത്തിപ്പോന്നു. ഗാന്ധിയൻ യുഗത്തിൻെറ ആദ്യകാലഘട്ടങ്ങളിൽ കേരളത്തി